

ആനന്ദമുണ്ടെനിക്കാനന്ദമുണ്ടെനി-
ക്കേശു മഹാരാജ സന്നിധിയിൽ (സങ്കീ. 16 - 10)

ലോകം എനിക്കൊരു ശാശ്വതമല്ലെന്നെൻ
സ്നേഹം നിറഞ്ഞേശു ചൊല്ലീട്ടുണ്ട്
സ്വർലോകനാട്ടുകാർക്കീക്ഷിതിയിൽ പല
കഷ്ട സങ്കടങ്ങൾ വന്നീടുന്നു (യോഹ. 16:20 - 22)

കർത്താവേ നീയെന്റെ സങ്കേതമാകയാൽ
ഉള്ളിൽ മനഃക്ലേശം ലേശമില്ല (2 കൊരി. 1:15)
വിശ്വാസകപ്പലിൽ സ്വർപ്പൂരം ചേരുവാൻ
ചുക്കാൻ പിടിക്കണേ പൊന്നു നാഥാ (1 തിമോ. 1:19, 2 തിമോ. 4:18)

എന്നാത്മാവേ നിന്നിൽ ചാഞ്ചല്യമെന്തിഹെ
ബാഖായിൻ താഴ്വാരയെത്രെയിത്
സീയോൻപുരി തന്നിൽ വേഗം നമുക്കെത്തീ-
ട്ടാനന്ദകണ്ണുനീർ വീഴ്ത്തീടാമേ (സങ്കീ. 84:6,7)

കൂടാരവാസികളാകും നമുക്കിങ്ങു
വീടെന്നോ നാടെന്നോ ചൊൽവാനെന്തു
കൈകളിൽ തീർക്കാത്ത വീടൊന്നു താതൻ താൻ
മീതെ നമുക്കായി വെച്ചിട്ടുണ്ട് (2 കൊരി. 15:1)



**Contact:**
**ROSHAN GEORGE**

**Email:**
thesaintofparumala@gmail.com
mail@roshangeorge.me



ഭാരം പ്രയാസങ്ങളേറും വനദേശ-
ത്താകുലമാത്മാവിൽ വന്നീടുകിൽ
പാരം കരുണയുള്ളീശൻ നമുക്കായി-
ട്ടേറ്റം കൃപ നല്കി പാലിച്ചീടും (2 കൊരി. 9:8)

കർത്താവേ നീ വേഗം വന്നീടണേ ഞങ്ങ-
ൾക്കോർത്താലീ ക്ഷോണിയിൽ മഹാ ദുഃഖം
എന്നാലും നിൻമുഖശോഭയതിൻ മൂലം
സന്തോഷകാന്തി പൂണ്ടാനന്ദിക്കും (യോഹ. 16:33)



**Contact:**
**ROSHAN GEORGE**

**Email:**
thesaintofparumala@gmail.com
mail@roshangeorge.me